**FRIDAY SERMON വെള്ളിയാഴ്ച ഖുത്തുബ**

**Hazrat Khalifathullah Munir Ahmad Azim (A)**

**06 October 2017 / (15 Muharram 1439 Hijira)**

## INVOCATIONS (PART 2) / പ്രാർത്ഥനകൾ ഭാഗം 02

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅ വ്വദ്, സൂറ : അൽ ഫാതിഹ ഓതിയ ശേഷം **പ്രാർത്ഥനകൾ** എന്ന വിഷ യത്തിന്റെ രണ്ടാം ഭാഗം വെള്ളിയാഴ്ച ഖുത്തുബയായി നിർവ്വഹിക്കുക യുണ്ടായി.

അൽഹംദുലില്ലാഹ് സുമ്മ അൽഹംദുലില്ലാഹ് . നമ്മുടെ വാർഷിക സമ്മേളനത്തിന്റെ ഒന്നാം ദിവസമാണ് ഇന്ന്. ഇന്നത്തെ എന്റെ പ്രസംഗ വിഷയം ദുആ ആണ്. കഴിഞ്ഞയാഴ്ചയിലെ വിഷയത്തിന്റെ തുടർച്ചയാണ് അല്ലാഹു (ത) വിനോട് നാം നടത്തേണ്ട അർത്ഥനകളും പ്രാർത്ഥനകളും ആണ് ഇവിടെ വിശദമാക്കുന്നത്.

വാഗ്ദത്ത മസീഹ് (അ) തന്റെ ഒരു പുസ്തകത്തിൽ തന്റെ ജമാ ത്തിനെ ഉപദേശിച്ച കാര്യം എടുത്തു പറയട്ടെ. അല്ലാഹുവിന്റെ അനുഗ്ര ഹത്താൽ, ഈ കാലഘട്ടത്തിൽ ഞാനും എന്റെ ജമാഅത്തിനെ അതേ കാര്യങ്ങൾ ഉണർത്തുവാൻ ആഗ്രഹിക്കുന്നു. നമസ്ക്കാരത്തിന്റെ അവസാന റകഅത്തിൽ റുകൂഉന് ശേഷം നാം ഇങ്ങനെ ചൊല്ലാറുണ്ട് : റബ്ബനാ വ ലക്കൽഹംദ് ; ഹംദൻ കസീറൻ തയ്യിബൻ മുബാറക്കൻ ഫീ ഈ സ്തുതിക്ക് ശേഷം ഈ പ്രാർത്ഥന ചൊല്ലുക. റബ്ബനാ ആതിനാ ഫിദ്ദുൻയാ ഹസനതൻ വഫീൽ ആഖിറത്തി ഹസനതൻ വഖിനാ അദാ ബന്നാർ (ഞങ്ങളുടെ നാഥാ ! ഈ ലോകത്ത് നീ ഞങ്ങൾക്ക് നല്ലത് (അ ല്ലെങ്കിൽ വിജയം) വരുത്തേണമെ ! പരലോകത്തും നീ ഞങ്ങൾക്ക് നല്ലത് (അല്ലെങ്കിൽ വിജയം) വരുത്തേണമെ! ഞങ്ങളെ നരകാഗ്നിയുടെ ശിക്ഷയിൽ നിന്ന് രക്ഷിക്കേണമേ ! )

നമസ്ക്കാരത്തിലെ സൂജൂദിന് ശേഷം ഇരിക്കുന്ന അവസ്ഥയിലാണ് നാം സാധാരണ ഈ ദുആ ചൊല്ലാറുള്ളത്. എല്ലാ പ്രാവശ്യവും ഇങ്ങനെ ദുആ ചെയ്യുകയെന്നത് നിർബന്ധമായിട്ടുള്ള സംഗതിയല്ല. അങ്ങനെ ദുആ ചെയ്യണമെന്ന് ആഗ്രഹിക്കുന്നവർക്ക് അപ്രകാരം ചെയ്യാവുന്നതാണ്. അപ്പോൾ, ഒരാൾക്ക് പ്രാർത്ഥിക്കാം, ഇഹലോകത്തും പരലോകത്തും വിജയം നല്കേണമേ ; നരകാഗ്നിയുടെ ശിക്ഷയിൽ നിന്ന് നീ ഞങ്ങളെ രക്ഷിക്കേണമെ !

ഹസ്രത് ആദം (അ) ചെയ്ത ഒരു ദൂആ ചൊല്ലണമെന്ന് എന്റെ ജമാഅത്തിനെ ഞാൻ ഉപദേശിക്കുന്നു !

റബ്ബനാ ളലംമ്നാ അൻഫുസനാ വ ഇല്ലം തഅ്ഫിർലനാ വ തർഹമ്ന ലനകൂനന്നാ മിനൽഹാസ്രീൻ

ഞങ്ങളുടെ നാഥാ ! ഞങ്ങളുടെ ആത്മാക്കാളോട് ഞങ്ങൾ ദ്രോഹം ചെയ്തു പോയിരിക്കുന്നു. നീ ഞങ്ങൾക്ക് പൊറുത്തു തരികയും നിന്റെ കാരുണ്യം ഞങ്ങളുടെ മേൽ ചൊരിയുകകയും ചെയ്തില്ലെങ്കിൽ ഞങ്ങൾ തീർച്ചയായും നഷ്ടപ്പെട്ടവരിൽപെട്ടു പോകും.

ഹസ്രത്ത് ആദം (അ) ന്റെ ഈ ദുആ, അല്ലാഹു(ത) സ്വീകരിക്കുകയുണ്ടായി . അല്ലാഹുവിന്റെ അനുഗ്രഹത്താൽ, ഇന്ന് ജമാഅത്തു സഹീഹിൽ ഇസ്ലാം, ആത്മീയമാർഗ്ഗത്തിൽ ഒരുപാട് പുരോഗതി നേടിയിരിക്കുന്നു. നമ്മൾ പ്രതീക്ഷയ്ക്കാത്ത രാജ്യങ്ങളിൽ, എന്നിട്ടും അല്ലാഹു(ത) അവന്റെ മാർഗ്ഗദർശനം ഹിദായത്ത് - നല്കി ഈ സ്ഥലങ്ങളിലെ വ്യക്തികൾക്ക് സഹീഹൽ ഇസ്ലാമിലേക്ക് എത്തിച്ചേരുവാനുള്ള ഹൃദയവാതിലുകൾ തുറന്നു നല്കിയിരിക്കുന്നു. തീർച്ചയായും അല്ലാഹു(ത) ഈ ചെറുദ്വീപായ മൗറിഷ്യസിനെ അനുഗ്രഹിച്ചിരിക്കുന്നു. ഈ ദ്വീപിൽ തന്നെയാണ് അവന്റെ ദൂതനെ അവൻ പരിശുദ്ധാത്മാവിനെ ഇറക്കി അവതരിപ്പിച്ചിരിക്കുന്നത്.

മൗറിഷ്യസിൽ എന്താണ് സംഭവിച്ചതെന്ന് അല്ലാഹു(ത) വിന് നന്നായി അറിയാം, പ്രവാചകത്വത്തിന്റെ വാതിൽ, നമ്മുടെ ശ്രേഷ്ഠ പ്രവാചകരായ മുഹമ്മദ് നബി (സ) യ്ക്കു ശേഷവും എന്നും തുറന്നു തന്നെ

യിരിയ്ക്കുമെന്നും ഖിയാമത്ത് നാൾ വരെയും ദൈവീക വെളിപാടുകൾ ഇറങ്ങുമെന്നും പ്രഘോഷിച്ച എത്രെയത്ര ചർച്ചകൾ, പ്രസിദ്ധീകരണങ്ങൾ, ലഘുലേഖകൾ, സാഹിത്യഗ്രന്ഥങ്ങൾ ഇവിടെയുണ്ടായി. ഇവരുടെ വാദങ്ങളെല്ലാം തന്നെ വ്യർത്ഥമായിരിക്കുന്നു. ആ വാദങ്ങളെല്ലാം അവരുടെ ചുണ്ടുകളിലും പേപ്പറുകളിലും മാത്രമായി ഒതുങ്ങി. അവരുടെ വാദങ്ങൾ ഉപയോഗിച്ച് അല്ലാഹു(ത) അവരെ പരീക്ഷിച്ചപ്പോൾ, അവർ പൂർണ്ണമായും പരാജിതരായി അവർ അവരുടെ തന്നെ വാദങ്ങൾ മറന്നു പോയി. ഇന്ന് അല്ലാഹുവിന്റെ ദൂതന്മാരുടെ വരവിനെ സംബന്ധിച്ചും ദൈവീക വെളിപാടുകൾ ഇറങ്ങുന്നതു സംബന്ധിച്ചും ഉള്ള അവരുടെ വിശ്വാസങ്ങൾ മറ്റുള്ളവരെക്കാൾ മോശമായിരിക്കുന്നു. പക്ഷെ ഈ വിഷയത്തെ സംബന്ധിച്ച് ഇപ്പോൾ ഞാൻ അധികം സംസാരിക്കുന്നില്ല. ഇത് സംബന്ധമായി ഒരുപാട് കാര്യങ്ങൾ ഞാൻ മുമ്പ് തന്നെ പറഞ്ഞിട്ടുണ്ട്. അല്ലാഹു (ത) ആ അനുഗ്രഹം – (അവർ മുമ്പ് പറഞ്ഞുകൊണ്ടിരുന്നതും അവർക്കു വന്നെത്തിയപ്പോൾ നിരസിച്ചു ഒഴിഞ്ഞതുമായ കാര്യം) മറ്റു വ്യക്തികൾക്കും സ്ഥലങ്ങൾക്കും ആയി നല്കിയിരിക്കുന്നു. അതുകൊണ്ടു തന്നെ എന്റെ ജമാഅത്ത് അംഗങ്ങളോട് ഉപദേശിക്കാനുള്ളത് ഇതാണ്. നിങ്ങൾ ഈ ദുആ കൂടുതലായി ചെയ്തുകൊണ്ടിരിയ്ക്കുക. റബ്ബനാ ലാ തു തുസീഅ് ഖുലൂബന ബഅ്ദ ഇത് ഹദൈതനാ വ ഹബ്ലനാ മില്ലതുങ്ക റഹ്മ ഇന്നക്ക അൽതൽ വഹ്ഹാബ്ബ് അല്ലാഹു (ത) വിനോട് ഇവിടെ നമ്മൾ ചോദിക്കുന്നത് ഇതാണ്.

ഞങ്ങളുടെ നാഥാ ! നീ ഞങ്ങളെ നേർവഴിയിലാക്കിയതിനു ശേഷം ഞങ്ങളുടെ ഹൃദയങ്ങളെ തെറ്റിച്ചുകളയരുതേ ! നീ ഞങ്ങൾക്ക് നിന്റെയടുക്കൽ നിന്നുള്ള കാരുണ്യം പ്രദാനം ചെയ്യേണമെ ! തീർച്ചയായും നീ തന്നെയാണ് ഏറ്റവും വലിയ (അനുഗ്രഹ) ദാതാവ്

ഈ പ്രാർത്ഥനകൾ എല്ലാം വിശുദ്ധഖുർആനിൽ ഉള്ളതാണ്. അല്ലാഹു(ത) അവന്റെ തെരഞ്ഞെടുത്ത ദാസന്മാർക്ക് ഇവ അവതരിപ്പിച്ചു കൊടുക്കുന്നു. നമ്മൾ ജീവിക്കുന്ന ഈ കാലഘട്ടത്തിലെ സാഹചര്യങ്ങൾക്കനുസൃതമായും. അതുകൊണ്ട് അല്ലാഹു (ത) ഈ പ്രാർത്ഥന

കൾ പുനരുജ്ജീവിപ്പിക്കാൻ ഉദ്ദേശിച്ചിരിക്കുന്നു. ജമാഅത്തുസഹീഹിൽ ഇസ്ലാം എന്ന പ്രസ്ഥാനത്തിലൂടെ ഈ വിനിത ദാസനിലൂടെ അല്ലാഹു (ത) അവന്റെ അപാരമായ ജ്ഞാനത്താലും സന്തോഷത്താലും അങ്ങനെ വിധച്ചിരിക്കുന്നു. ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിന്റെ ചുമതല ഇത് തന്നെയാണ്. നബിതിരുമേനി (സ) പഠിപ്പിച്ച യഥാർത്ഥ ഇസ്ലാം പുനരുജ്ജീവിപ്പിക്കുക. പ്രകാശം പരത്തുന്ന പുസ്തകമായി അല്ലാഹു (ത) അവതരിപ്പിച്ചു പരിശുദ്ധഖുർആന്റെ അദ്ധ്യാപനങ്ങൾ, പ്രകാശം തേടുന്ന എല്ലാ മനുഷ്യർക്കും വേണ്ടി തിരിച്ചുകൊണ്ടു വരികയാണ് നമ്മുടെ ദൗത്യം.

തങ്ങളുടെ വഴികൾ പ്രകാശമയമാക്കുവാൻ ശ്രമിക്കുന്നവർക്കു വേണ്ടി ഖുർആനിക പ്രാർത്ഥനകൾ പുനരുജ്ജീവിപ്പിക്കുവാൻ, അല്ലാഹു (ത) അവൻ തെരഞ്ഞെടുത്ത ദാസനോട് ഒരിക്കൽ കൂടി ആവശ്യപ്പെട്ടിരിയ്ക്കുന്നു. ഈ പ്രാർത്ഥനകൾ ഇപ്പോഴും നിലനില്ക്കുന്നുണ്ട്. പക്ഷെ ലോകം അന്ധകാരത്തിൽ അമർന്നിരിക്കുന്നു. എങ്ങും ഇരുട്ട് പരന്നിരിയ്ക്കുന്നു. അതുകൊണ്ടു തന്നെ, ഈ മനോഹര പ്രാർത്ഥനകൾ ആർക്കും കാണാൻ കഴിയുന്നില്ല. അല്ലാഹു (ത) അവന്റെ പ്രകാശം (മുനീർ) അയച്ചപ്പോഴാണ്, ഈ പ്രാർത്ഥനകൾ പുനരുജ്ജീവിയ്ക്കുന്നത്. ഈ പ്രാർത്ഥനകളിൽ നിന്നുള്ള പ്രകാശം ജനങ്ങൾക്ക് ലഭിയ്ക്കാൻ അവസരമുണ്ടായിരിക്കുന്നു. അല്ലാഹു (ത) വിന്റെ ഭക്തദാസന്മാർക്ക് മുൻകാലങ്ങളിൽ അവതരിപ്പിച്ച അതേ ദുആകൾ !

അതുകൊണ്ടു തന്നെ ഞാൻ നിങ്ങളുടെ മുമ്പാകെ വച്ച ദുആകൾ ! ചൊല്ലുകയെന്നത് പ്രാധാന്യമർഹിയ്ക്കുന്നു. ബിദ്അത്തുകൾ ഒഴിവാക്കാൻ ഈ പ്രാർത്ഥനകൾ സഹായിക്കും. പാപപങ്കിലമായ ഈ ലോകത്ത് മാറി നടക്കാൻ ഇത് പ്രേരിപ്പിക്കും. ഇൻശാ അല്ലാഹ്, എല്ലാ പ്രശ്നങ്ങളിൽ നിന്നും പ്രകാശത്തിലേക്ക് നീങ്ങുവാൻ അല്ലാഹു (ത) സഹായിക്കും.

അതുകൊണ്ട്, ഈ മനോഹര പ്രാർത്ഥനകൾ എല്ലാം ഞാൻ നിങ്ങളുടെ മുമ്പാകെ വയ്ക്കുന്നു. ഖുർആനിലെ ഈ ദുആകൾ, വിനയത്തോടെ പറയട്ടെ, അല്ലാഹു (ത) എനിയ്ക്ക പല തവണ അവതരിപ്പിച്ചു തരിക

യുണ്ടായി. ഈ ദൈവീക പ്രതിഭാസത്തിന്റെ തുടക്കം മുതൽ പല തവണ ഈ പ്രാർത്ഥനകൾ ഇറക്കപ്പെടുകയുണ്ടായി. ഈ ദുആകൾക്കൊപ്പം ചില വാക്കുകൾ അധികമായും ചിലപ്പോൾ ഇറക്കപ്പെടുകയുണ്ടായി. ആ വാക്കുകളാകെട്ടെ എനിക്കു യാതൊരു മുൻധാരണയും ഇല്ലാത്ത തരത്തിലുള്ളവയായിരുന്നു. അല്ലാഹു (ത) ഈ ദുആകളൊക്കെ അയച്ചു തന്ന കാലത്ത് വളരെയധികം പരീക്ഷണങ്ങളുണ്ടായിരുന്നു. അസൂയയും പരദൂഷണവും എനിക്കെതിരിൽ ഉണ്ടായിരുന്നു. ജനഹൃദയങ്ങളിൽ വെറുപ്പ് എനിക്കെതിരിൽ ഉണ്ടാക്കുവാനുള്ള ശ്രമം ആയിരുന്നു. ജനഹൃദയങ്ങളിൽ വെറുപ്പ് ഉളവാക്കാൻ വേണ്ടി പള്ളിയിലെ പ്രസംഗപീഠം പരിശുദ്ധ പ്രവാചകരുടെ (സ) മിമ്പർ - എനിക്കെതിരിൽ പറയാൻ അവർ ഉപയോഗിച്ചു. എന്തായാലും, ഓർക്കുക അല്ലാഹു (ത) അവന്റെ ഒരു ദൂതനെ തെരഞ്ഞെടുത്ത് അയ്ക്കുമ്പോഴെല്ലാം, ഫറോആ, അബൂജഹൽ, നംറൂദ്, ജൂദാ തുടങ്ങിയ കഥാപാത്രങ്ങളും അവിടെ ഉണ്ടാകുന്നു. ഈ കുറ്റവാളികളുടെ പാതയിൽ ചരിക്കുന്നവർ ഇക്കാലത്തും ഉണ്ടായി വന്നിരിയ്ക്കുന്നു

അതുകൊണ്ട്, ദുആയാണ് നമ്മുടെ ഏറ്റവും വലിയ ആയുധം. ദുആയെക്കാൾ ശക്തിയുള്ള മറ്റൊരു ആയുധവും ഇല്ല തന്നെ. കുറ്റവാളികൾ എല്ലാ പരിധികളും ലംഘിച്ച അവസരങ്ങളിൽ അല്ലാഹു (ത) ഇറക്കിയ ദുആകൾ ഇത്തരുണത്തിൽ പ്രത്യേക പ്രാധാന്യം - അർഹിയ്ക്കുന്നു. റബ്ബി ഇന്നീ മഗ് ലുബൻ ഫൻതസീർ - എന്റെ നാഥാ, ഞാൻ തോൽക്കുന്ന അവസ്ഥയിലാണ് എന്നെ സഹായിക്കണമേ ! അതിനുശേഷം, താഴെ ചേർന്നിരിയ്ക്കുന്ന ദുആ എനിക്ക് ലഭിച്ചു.

റബ്ബി ഇന്നീ മഗ്ലുബൻ ഫൻതസീർ ഫസഹ്ഹിക്കു തസ്ഹാഖ : എന്റെ നാഥാ ! ഞാൻ പരാജിതനാകുന്ന അവസ്ഥയിലാണ്, എനിക്കു വേണ്ടി നീ തന്നെ പ്രതികാരം ചെയ്യുക ; അവരെ നീ തരിപ്പണമാക്കേണമേ ;

**മറ്റൊര ദുആ :**

റബ്ബിഗ്ഫ്ർ വർഹം മിനസ്സമായി എന്റെ നാഥാ ! പൊറുത്തുതരികയും ആകാശങ്ങളിൽ നിന്ന് അനുഗ്രഹങ്ങൾ ഇറക്കുകയും ചെയ്യേണമെ !

റബ്ബി തവഫനീ മുസ്ലീമൻ വഅൽഹിഖ്നി ബിസ്സാലിഹീൻ എന്റെ നാഥാ ! എന്നെ നീ മുസ്ലിമായ്മരിപ്പിക്കേണമേ ; എന്നെ സുകൃതവാന്മാരിൽ ഉൾപ്പെടുത്തുകയും ചെയ്യേണമേ !

അതുകൂടാതെ റബ്ബി നജ്ജിനീ മിൻ ഗമ്മി എന്റെ നാഥാ !

എന്റെ ദുഃഖങ്ങൾ മാറ്റിത്തരേണമേ !

നാഥാ നീ എനിക്ക് പരിശുദ്ധ സന്താനങ്ങളെ നൽകേണമേ !

റബ്ബനാ ആമന്നാ ഫക്തുബ്ന മഅശ്ശാഹീദീൻ

ഞങ്ങളുടെ നാഥാ ! ഞങ്ങൾ വിശ്വസിച്ചിരിയ്ക്കുന്നു, ഞങ്ങളെ സാക്ഷ്യം പറയുന്നവരുടെ കൂട്ടത്തിൽ ഉൾപ്പെടുത്തേണമെ

ഞങ്ങളുടെ നാഥാ ! ഞങ്ങൾ രക്തസാക്ഷികളായിത്തീരുന്ന അവസ്ഥയിലാണ്. ഞങ്ങൾക്കും തെറ്റുകാരായ ജനതയ്ക്കുമിടയിൽ വ്യക്തമായ വ്യത്യാസം പ്രകടമാക്കേണമെ !

ഈ വിഷയം അടുത്ത വെള്ളിയാഴ്ചയും തുടരുവാൻ അല്ലാഹു(ത) എനിക്ക് തൗഫീഖ് നല്കട്ടെ ! ഇൻശാ അല്ലാഹ്. താഴെ ചേർക്കുന്ന ദുആയോടെ ഞാനി പ്രസംഗം അവസാനിപ്പിക്കുന്നു.

റബ്ബനാ ഫഗ്ഫ്ർ ലനാ സുനൂബനാ ഇന്നാ കുന്നാ ഖാത്തയീൻ ഞങ്ങളുടെ നാഥാ!ഞങ്ങളുടെ പാപങ്ങൾ പൊറുത്തു തരേണമെ ഞങ്ങൾ പാപങ്ങൾ ചെയ്യുന്നവരിൽപ്പെട്ടവരായിപ്പോയിരിയ്ക്കുന്നു.

ആമീൻ, സുമ്മ ആമീൻ, യാ റബ്ബൽ ആലമീൻ !

**Translated by:**
Fazil Jamal
**Issued by:**
**Mukarram R. Jamaludin Raother**
**Amir Jamaat Ul Sahih Al Islam**
**South Zone, Kerala,**
**Ph: 9447001832, 0475-2252663**
**E-mail: jamal.raother@gmail.com**
**Web: www.jamaat-ul-sahih-al-islam.com**